**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണവകുപ്പ് - കോഴിക്കോട് മേയർക്ക് ഔദ്യോഗികആവശ്യത്തിന് ഇന്നോവകാർവാങ്ങുന്നതിന് 20 ലക്ഷം രൂപ ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ) നം.2801/2016/തസ്വഭവ — തിരുവനന്തപുരം, തീയതി :04.10.2016

---

**പരാമർശം** - 1. 26/09/2016 -ലെ കോഴിക്കോട് കോർപ്പറേഷനിൽ നിന്നുള്ള കത്ത്.

2. 27/09/2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 3.27 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

കോഴിക്കോട് കോർപ്പറേഷൻ മേയർക്ക് ഔദ്യോഗിക ആവശ്യത്തിന് ഇന്നോവ (ഫുൾ ഓപ്ഷൻ) കാർ വാങ്ങുന്നതിന് 20 ലക്ഷം രൂപ ചെലവഴിക്കാൻ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തൽ പരാമർശം (2) പ്രകാരം 27/09/2016 - ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 3. 27 നമ്പർ തീരുമാന പ്രകാരം അനുമതി നൽകുന്നതിന് അംഗീകാരം നൽകിയിട്ടുള്ളതാണ്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷൻ മേയർക്ക് ഔദ്യോഗിക ആവശ്യത്തിന് ഇന്നോവ (ഫുൾ ഓപ്ഷൻ) കാർ വാങ്ങുന്നതിന് 20 ലക്ഷം രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മോഹനകുമാർ.എ.കെ.**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം.
കോഴിക്കോട് കോർപ്പറേഷൻ മേയർ/സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ആഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ. പാങ്ങപ്പാറ.
തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ